**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3437** **14-07-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലകളിലെ യന്ത്രവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് യഥാസമയം യന്ത്രവൽക്കരണം നടത്താതിരുന്നതാണ് നെൽകൃഷി മുതലായ കാർഷിക മേഖലകളിൽ ഉല്പാദനം കുറയുന്നതിന് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് യഥാസമയം യന്ത്രവൽക്കരണം നടത്താതിരുന്നതാണ് നെൽകൃഷി മുതലായ കാർഷിക മേഖലയിൽ ഉല്പാദനം കുറയുന്നതിന് കാരണമെന്ന് കണ്ടെത്തിയിട്ടില്ല. നെൽകൃഷിയിൽ കോൾ നിലങ്ങൾ, പൊക്കാളി, കൈപ്പാട് മുതലായ പ്രത്യേക നെൽകൃഷി മേഖലകൾക്ക് അനുയോജ്യമായ കാർഷിക യന്ത്രങ്ങളുടെ അഭാവം, യഥാ സമയങ്ങളിൽ ആവശ്യമായത്ര കൊയ്ത്ത് മെതി യന്ത്രങ്ങൾ ലഭ്യമാവാത്തത്, കൂലിചെലവിലെ ഏറ്റക്കുറച്ചിലുകൾ എന്നിവ സംസ്ഥാനത്തെ നെൽകർഷകർക്ക് പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. യഥാസമയം കൊയ്ത്ത് മെതി യന്ത്രങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള ഇടപെടലുകൾ കൃഷി വകുപ്പ് നടത്തി വരുന്നുണ്ട്. |
| (ബി) | യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളുടെ അഭാവമാണ് യന്ത്രവൽക്കരണത്തിന് തടസ്സമായതെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഇല്ല. കാർഷിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ വൈദഗ്ധ്യമുള്ള സേവനദായകരെ തയ്യാറാക്കുന്നതിന് പദ്ധതികൾ നിലവിലുണ്ട്. |
| (സി) | കൃഷിയിടങ്ങൾ യന്ത്രവൽക്കരിക്കുവാൻ മിഷൻ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | കൃഷി വകുപ്പിന് കീഴിൽ 'കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ' 2018 മാർച്ച് മാസം മുപ്പത്തിയൊന്നാം തീയതി രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ മിഷൻ രൂപീകരിക്കുന്നതിലൂടെ വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളെ ലഭ്യമാക്കുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ "കാർഷിക യന്ത്ര പരിരക്ഷണ യജ്ഞം" എന്ന ഒരു കർമ്മപരിപാടി ആസൂത്രണം ചെയ്ത് 'കാർഷിക യന്ത്ര കിരണ സേന' എന്ന അഞ്ചു പേരടങ്ങുന്ന ഒരു പരിശീലന ടീമിനെ ഓരോ ജില്ലയ്ക്ക് വേണ്ടി വിന്യസിച്ചു പ്രവർത്തനം നടത്തി വരുന്നു. മിഷന്റെ മൂന്നു വർഷത്തെ പ്രവർത്തന ഫലമായി 705 |

| | | | |
|---|---|---|---|
| | | | വിദഗ്ധ തൊഴിലാളികളെ പരിശീലനപ്പെടുത്തി പ്രാപ്തരാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ